**പതിനാലാം കേരളനിയമസഭ**
**ഒമ്പതാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *26 | 23.01.2018-ൽ മറുപടിക്ക് |
|---|---|

## സ്ത്രീസുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. പി. ഉണ്ണി | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ത്രീകളുടെ സുരക്ഷക്കായി കേരളാ പോലീസ് പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ സ്വയം പരിശീലന പരിപാടി, പഞ്ചായത്ത് ബീറ്റ്, സ്ത്രീ സൗഹൃദ ഓട്ടോ (പിങ്ക് ഓട്ടോ, ഷീ ഓട്ടോ), പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ (1091), സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് തല അദാലത്തുകൾ, വനിതാ വോളണ്ടിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയ പദ്ധതി എന്നിവ ഇപ്പോൾ നടപ്പാക്കി വരുന്നു. ഇതിനു പുറമേ ജനമൈത്രി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ പ്രവർത്തന ഭാഗമായും സ്ത്രീ സുരക്ഷാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ പരാതി പരിഹാരത്തിനായി സംസ്ഥാന ജില്ലാ വനിതാ സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം സാമൂഹ്യ നീതി വകുപ്പ് പോലീസിന്റെ ഉൾപ്പെടെ സഹകരണത്തോടെ മിത്ര 181 എന്ന ഹെൽപ്പ് ലൈൻ നമ്പരും പ്രവർത്തിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വിവിധ സന്ദർഭങ്ങളിൽ വനിതകൾക്ക് നേരിടേണ്ടിവരുന്ന അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയുന്നതിനും അത്തരം സന്ദർഭങ്ങളെ നേരിടുന്നതിനും അവരെ പ്രാപ്തരാക്കുന്നതിന് സ്വയം പ്രതിരോധ പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | നടപ്പിലാക്കിയിട്ടുണ്ട്. വനിതകൾക്കും, കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമ സാഹചര്യങ്ങളെ നേരിടുന്നതിന്, അവരെ കായികവും, മാനസികവുമായി പ്രാപ്തരാക്കുന്ന തരത്തിൽ സ്വയം പ്രതിരോധ പരിശീലനം, പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തിവരുന്നു. ഇതിനായി കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും തിരഞ്ഞെടുക്കപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് മാസ്റ്റർ ട്രെയിനർ പരിശീലനം നൽകി കഴിഞ്ഞു. ഈ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ 2016-17-ൽ ഒരു ലക്ഷത്തിലേറെ വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിയിട്ടുണ്ട്. സ്ത്രീ സുരക്ഷ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനുള്ള നിയമ പരിരക്ഷ എന്നിവ അടങ്ങിയ ലഘുലേഖകളും കൈപ്പുസ്തകങ്ങളും വിതരണം ചെയ്തുവരുന്നു. |
| (സി) | ഈ പരിപാടിയുടെ ഭാഗമായി ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത പദ്ധതി ആരുടെയെല്ലാം സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ബന്ധപ്പെട്ട ജില്ലകളിലെ സ്കൂൾ, കോളേജ്, കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ